**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3074** **14-02-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കുട്ടാലിട അങ്ങാടിയിലൂടെ കടന്നു പോവുന്ന കനാൽ കാട് മൂടിയും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞും മലിനമാവുന്നത് തടയാൻ നടപടി സ്വീകരിക്കാമോ; | (എ) | എല്ലാ വർഷവും ജലവിതരണത്തിന് മുന്നോടിയായി കനാലിലെ കാടും മാലിന്യങ്ങളും നീക്കം ചെയ്ത് കനാൽ വൃത്തിയാക്കുന്ന പ്രവൃത്തികൾ നിർവ്വഹിക്കാറുണ്ട്. ഈ വർഷവും നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കനാൽ വൃത്തിയാക്കുന്ന പ്രവൃത്തികൾ ചെയ്തു കഴിഞ്ഞു. |
| (ബി) | കുട്ടാലിട അങ്ങാടിയുടെ ഹൃദയഭാഗത്തുള്ള കനാൽ സംരക്ഷിക്കുന്നതോടൊപ്പം അങ്ങാടി സൗന്ദര്യവൽക്കരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2022-23 വർഷത്തെ ബാലുശ്ശേരി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടൂർ പഞ്ചായത്തിലെ കുട്ടാലിട നവീകരണം എന്ന പ്രവൃത്തിക്ക് 30 ലക്ഷം രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | 2022-23 വർഷത്തിൽ കുട്ടാലിട നഗര സൗന്ദര്യവൽക്കരണത്തിനും കനാൽ സംരക്ഷിക്കുന്നതിനുമായി ഒരു കോടി രൂപ അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 2022-23 വർഷത്തിലെ ബഡ്ജറ്റിൽ കുട്ടാലിട നഗര സൗന്ദര്യവൽക്കരണം, ഓഡിറ്റോറിയം നിർമ്മാണം എന്നിവയ്ക്ക് 1 കോടി രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തിക്ക് 20 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഫയൽ അനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇല്ല. DPR തയ്യാറാക്കി സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ കുറ്റ്യാടി ജലസേചന പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ